# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3599

10/04/2013 - ലെ മറുപടിയ്ക്ക്

## ഓരുവെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് ആശ്വാസ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ചക്കാലത്ത് ഓരുവെള്ളം (ഉപ്പുവെള്ളം) കയറിയതു മൂലം വൈക്കം നിയോജകമണ്ഡലത്തിലെ എത്ര ഹെക്ടർ സ്ഥലത്തെ ഏതെല്ലാം വിളകൾ നശിച്ചതായി കണക്കാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഓരുവെള്ളം (ഉപ്പുവെള്ളം) കയറി വൈക്കം നിയോജക മണ്ഡലത്തിലെ വിളകൾ നശിച്ചതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ഓരുവെള്ളം കയറി കൃഷി നശിച്ചതുമൂലം വൈക്കം നിയോജക മണ്ഡലത്തിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വൈക്കം നിയോജക മണ്ഡലത്തിൽ കൃഷി നശിച്ചതു മൂലമുണ്ടായ നഷ്ടത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | കൃഷി നശിച്ച കർഷകർക്ക് ഏതു രീതിയിലുള്ള ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചു വരുന്നു. വരൾച്ചമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതി പദേശക സമിതി യോഗങ്ങൾ കൂടിയിട്ടുണ്ട്. കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ചു കൃഷി ചെയ്യാനും, ജലസേചന പദ്ധതിയുടെ വാലറ്റ പ്രദേശങ്ങളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവുവേണ്ട വിളകൾ കൃഷിചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ |
| (ഡി) | ഓരുവെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ജലസേചനം സുഗമമാക്കുന്നതിന് തോടുകളും, ചാലുകളും ആഴം കൂട്ടുന്നതിനും, മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെപ്പറ്റി കർഷകർക്കു ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്. വരൾച്ചമൂലം കാർഷിക വിളകൾക്ക് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി 07/01/2013-ൽ കൂടുകയും ഇതിൽ ഉരുത്തിരിഞ്ഞ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓരുവെള്ളം കയറി നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ധനസഹായം നൽകുന്നകാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| പഞ്ചായത്ത് (കൃഷി ഭവൻ) | നാശം സംഭവിച്ച വിളകളുടെ വിവരം | | | | |
|---|---|---|---|---|---|
| | നെൽകൃഷി | വാഴ | പച്ചക്കറി | ജാതി | തെങ്ങ് |
| | കൃഷിനാശം (ഹെക്ടറിൽ) | കൃഷിനാശം (ഹെക്ടറിൽ) | കൃഷിനാശം (ഹെക്ടറിൽ) | കൃഷിനാശം (ഹെക്ടറിൽ) | കൃഷിനാശം (ഹെക്ടറിൽ) |
| വെച്ചൂർ | 1152 | 1 | | | |
| തലയാഴം | 169 | 1 | | | |
| ഉദയനാപുരം | 60 | 10 | | 1 | |
| ചെമ്പ് | 2 | 15 | 5 | | |
| ടി.വി.പുരം | 8 | 10 | | | 3 |
| മറവൻതുരുത്ത് | - | 2 | 1 | | |
| വൈക്കം മുനിസിപ്പാലിറ്റി | - | 1 | | 0.1 | |
| ആകെ | 1391 | 40 | 6 | 1.1 | 3 |

## അനുബന്ധം - II

| പഞ്ചായത്ത് (കൃഷി ഭവൻ) | നാശം സംഭവിച്ച വിളകളുടെ വിവരം | | | | |
|---|---|---|---|---|---|
| | നെൽകൃഷി | വാഴ | പച്ചക്കറി | ജാതി | തെങ്ങ് |
| | (നഷ്ടം രൂപ ലക്ഷത്തിൽ) | (നഷ്ടം രൂപ ലക്ഷത്തിൽ) | (നഷ്ടം രൂപ ലക്ഷത്തിൽ) | (നഷ്ടം രൂപ ലക്ഷത്തിൽ) | (നഷ്ടം രൂപ ലക്ഷത്തിൽ) |
| വെച്ചൂർ | 1152 | 4 | | | |
| തലയാഴം | 169 | 4 | | | |
| ഉദയനാപുരം | 60 | 40 | | 0.5 | |
| ചെമ്പ് | 2 | 60 | 2 | | |
| ടി.വി.പുരം | 8 | 40 | | | 1.5 |
| മറവൻതുരുത്ത് | - | 8 | 0.4 | | |
| വൈക്കം മുനിസിപ്പാലിറ്റി | - | 4 | | 0.05 | |
| ആകെ | 1391 | 160 | 2.4 | 0.55 | 1.5 |

സെക്ഷൻ ഓഫീസർ